**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3238 | | 13.03.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **സാമൂഹ്യക്ഷേമ പെൻഷൻ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എ.എം. ആരിഫ്** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സാമൂഹ്യക്ഷേമ പെൻഷന് അർഹതയുണ്ടാവണമെങ്കിൽ ആധാർ നിർബ്ബന്ധമാക്കിയിട്ടുണ്ടോ; | (എ) | സാമൂഹ്യക്ഷേമ പെൻഷന്റെ അർഹതയ്ക്കായി ആധാർ നിർബ്ബന്ധമാക്കിയിട്ടില്ല. |
| (ബി) | ആധാർ കാർഡ് ഇല്ലാത്തവർക്ക് നിലവിൽ സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭിച്ചുകൊണ്ടിരുന്നത് തുടർന്നും കിട്ടുമോ ; | (ബി) | ആധാറിന് പകരമായി റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നും പ്രത്യേക സത്യവാങ്മൂലവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കുന്ന പക്ഷം തുടർന്നും പെൻഷൻ ലഭിക്കുന്നതാണ്. |
| (സി) | കയർ തൊഴിലാളി പെൻഷൻ പോലെയുള്ള തൊഴിൽ സംബന്ധമായ പെൻഷൻ ലഭിക്കുന്നവർക്ക് മറ്റ് സാമൂഹ്യ ക്ഷേമ പെൻഷന് അർഹതയുണ്ടോ; | (സി) | കയർ തൊഴിലാളി പെൻഷൻ പോലെയുള്ള തൊഴിൽ സംബന്ധമായ (ക്ഷേമനിധി ബോർഡ് പെൻഷൻ) ലഭിക്കുന്നവർക്ക് 600/- രൂപ നിരക്കിൽ മറ്റൊരു സാമൂഹ്യ ക്ഷേമ പെൻഷൻ കൂടി അർഹതയുള്ളതാണ്. |
| (ഡി) | പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന കുറെ പേർക്ക് പെൻഷൻ നിഷേധിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമാക്കുന്നതിന്റെയും ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണരീതി തെരെഞ്ഞെടുക്കുന്നതിനും മറ്റുമായി എല്ലാ ഗുണഭോക്താക്കളും നിർദ്ദിഷ്ട മാതൃകയിലുള്ള സത്യവാങ്മൂലം സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിക്കാത്തതും സത്യവാങ്മൂലം രേഖപ്പെടുത്തിയതിലെ തെറ്റുകൾ മൂലവും ചില ഗുണഭോക്താക്കൾക്ക് പെൻഷൻ താൽക്കാലികമായി തടഞ്ഞിട്ടുള്ളതാണ്. മേൽപ്പറഞ്ഞവ കൃത്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ